(എഫ്) ബാധകമല്ല.

(ജി & എച്ച്) ഓംബുഡ്സ്മാന്റെ അധികാരപരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ മധ്യമേഖലയ്ക്കും ആയി ഓരോ ഓംബുഡ്സ്മാൻമാരെ കൂടി നിയമിക്കണമെന്ന് ബഹു. ഓംബുഡ്സ്മാൻ സർക്കാരിന് ശുപാർശ നൽകിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ നടത്തിയ ഇടപെടലിന്റെ അനുഭവങ്ങൾ

106 (6024) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ നടത്തിയ ഇടപെടലിന്റെ അനുഭവങ്ങൾ ക്രോഡീകരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ അനുഭവങ്ങളാകെ സമാഹരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഈ ഇടപെടലിന്റെ ഏറ്റവും മികച്ചതും വിജയകരവുമായ പരീക്ഷണങ്ങളെ പ്രോത്സാഹിപ്പിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) വിദ്യാഭ്യാസ മേഖലയിൽ എന്നതു പോലെ മറ്റു മേഖലകളിൽ ഉണ്ടായ അനുഭവങ്ങളും ക്രോഡീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 2009 മാർച്ച് 21,22 തീയതികളിൽ സർവ്വശിക്ഷാ അഭിയാന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് നടത്തിയ 'മികവ് 2009' എന്ന പരിപാടിയിൽ വിദ്യാഭ്യാസ മേഖലയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങളും കൈവരിച്ച നേട്ടങ്ങളും സംബന്ധിച്ച വിഷയം ചർച്ച ചെയ്തിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെയും, കില യുടെയും ജില്ലാ ആസൂത്രണ സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ജില്ലാതലത്തിൽ അനുഭവങ്ങൾ പങ്കുവയ്ക്കാൻ ശിൽപ്പശാല നടത്തിവരുന്നുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകളിൽ അക്ഷരശ്രീ, നൂറുക്കുനൂറ് തുടങ്ങിയ വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കാൻ സഹായ സഹകരണങ്ങൾ നൽകി വരുന്നുണ്ട്.

(ഡി) 'കില' പ്രസിദ്ധീകരിച്ച 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുഭവ പാഠങ്ങൾ' എന്ന പുസ്തകത്തിൽ കൃഷിയും അനുബന്ധ മേഖലകളും, പൊതുജനാരോഗ്യം, ശുചിത്വം, കുടിവെള്ളം, ഊർജ്ജം, വിദ്യാഭ്യാസം, കലാ-കായികം, സംസ്ക്കാരം, സാമൂഹ്യക്ഷേമം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ മേഖലയിലെ വികസന പ്രവർത്തനങ്ങളുടെ അനുഭവങ്ങൾ സമാഹരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly